പതിനാലാം കേരള നിയമസഭ
പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.293 — 28.11.2018 ൽ മറുപടിക്ക്

## തടവുകാരായ രോഗികളുടെ ചികിത്സാ സംവിധാനം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.പി.ടി. തോമസ് | | കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പമന്ത്രി) | |
| (എ) | തടവുകാരായ രോഗികളെ എറണാകുളം ജില്ലയിലെ ആശുപത്രികളിൽ അഡ്മിറ്റ് ചെയ്യുന്നതിന് നിലവിലുള്ള സംവിധാനം വിശദമാക്കാമോ; | (എ)<br>&<br>(ബി) | നിലവിൽ ആശുപത്രിയിൽ എത്തുന്ന തടവുകാരായ രോഗികളെ അതാത് വാർഡുകളിൽ പോലീസ് സുരക്ഷയോടെ അഡ്മിറ്റ് ചെയ്ത് ചികിത്സ ലഭ്യമാക്കി വരുന്നു. എറണാകുളം ജനറൽ ആശുപത്രിയിൽ സ്ഥല പരിമിതി കാരണം പുതിയ സെല്ലുകൾ നിർമ്മിക്കുന്നതിന് കഴിയാത്ത സാഹചര്യം ഉണ്ട്. എറണാകുളം സർക്കാർ മെഡിക്കൽ കോളേജിൽ നിലവിൽ പ്രത്യേക സെൽ പ്രവർത്തിക്കുന്നില്ല. |
| (ബി) | ഇതിനായി എറണാകുളം ജനറൽ ആശുപത്രിയിൽ രണ്ട് സെല്ലുകളും കളമശ്ശേരി മെഡിക്കൽ കോളേജിൽ ഒരു സെല്ലും തയ്യാറാക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശം വ്യക്തമാക്കാമോ? | | |

സെക്ഷൻ ഓഫീസർ